**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 109**  **26.09. 2011-ൽ മറുപടിക്ക്.**

**ഐസ്ക്രീം പാർലർ പെൺവാണിഭക്കേസ്സ് ഇടപെടലുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ ;<br>ശ്രീ. വി. ശിവൻകുട്ടി ;<br>ശ്രീമതി. പി. അയിഷാ പോറ്റി ;<br>ശ്രീമതി. കെ. കെ. ലതിക | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഐസ്ക്രീം പെൺവാണിഭക്കേസ്സ് അട്ടിമറിക്കുന്നതിന് വിവിധ തലങ്ങളിൽ നടന്ന ഇടപെടലുകൾ സംബന്ധിച്ച ശ്രീ. റൗഫിന്റെ വെളിപ്പെടുത്തലുകളെ തുടർന്ന് കോഴിക്കോട് നടക്കാവ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ് സി.ബി.ഐ.ക്ക് വിടാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഈ ആവശ്യം സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ ; | : (എ) ശ്രീ.റൗഫ് നടത്തിയ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ നടക്കാവ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ:59/11 നമ്പരായി രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം പിന്നീട് എ.ഡി.ജി.പി. ക്രൈംസിന്റെ നേതൃത്വത്തിലുള്ള ഒരു പ്രത്യേക ടീമിനെ കഴിഞ്ഞ ഗവൺമെന്റ് ഏൽപ്പിക്കുകയും, പ്രസ്തുത ടീം തന്നെ ഇപ്പോൾ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയുമാണ്. പ്രസ്തുത അന്വേഷണം വിശദമായതും തൃപ്തികരവുമാണ്. |
| (ബി) മുൻ സർക്കാർ പ്രത്യേക പോലീസ് സംഘത്തിന് കൈമാറിയ ഈ കേസന്വേഷണം ഇപ്പോൾ നിലച്ചിരിക്കുകയാണെന്ന വസ്തുത അറിയാമോ ; | : (ബി) അറിയില്ല. എന്നാൽ അന്വേഷണം വിശദമായും തൃപ്തികരവുമായി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. |

(മറുപുറം)

(സി) ഈ കേസന്വേഷണത്തിന് മുൻഗവൺമെന്റ് നിയോഗിച്ച പ്രത്യേക അന്വേഷണസംഘത്തിലെ പോലീസ് ഉദ്യോഗസ്ഥന്മാർ ആരൊക്കെയായിരുന്നു ; അന്വേഷണത്തിന് നിശ്ചയിച്ചിരുന്ന സന്ദർഭത്തിൽ അവർ വഹിച്ച സ്ഥാനങ്ങളിൽ നിന്ന് ഇപ്പോൾ ഇവരെ മാറ്റിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം സ്ഥാനങ്ങളിലാണ് ഇവർ ഓരോരുത്തരും ഇപ്പോൾ നിയോഗിക്കപ്പെട്ടിരിക്കുന്നത് ;

: (സി) അന്വേഷണ ഉദ്യോഗസ്ഥരുടെ പേരും അന്ന് അവർ വഹിച്ചിരുന്ന തസ്തികയുടെ പേരും ചുവടെ ചേർക്കുന്നു:

1) ശ്രീ.വിൻസൺ.എം. പോൾ ഐ.പി.എസ്.
എ.ഡി.ജി.പി. (ക്രൈംസ്)

2) ശ്രീ. പി. വിജയൻ ഐ.പി.എസ്.
സിറ്റി പോലീസ് കമ്മീഷണർ
കോഴിക്കോട് സിറ്റി
(ഇപ്പോൾ സിറ്റി പോലീസ് കമ്മീഷണർ, തൃശ്ശൂർ)

3) ശ്രീ. അനൂപ് കുരുവിള ജോൺ ഐ.പി.എസ്.
എ.ഐ.ജി., പോലീസ് കാര്യാലയം
തിരുവനന്തപുരം
(ഇപ്പോൾ കണ്ണൂർ ജില്ലാ പോലീസ് മേധാവി)

4) ശ്രീ. ജയ്സൺ കെ. അബ്രഹാം
ഡിവൈ. എസ്. പി. (C.Room)
കോഴിക്കോട് സിറ്റി
(ഇപ്പോൾ ഡിവൈ.എസ്.പി. താമരശ്ശേരി)

5) ശ്രീ. എ. വേണുഗോപാൽ
ഡിവൈ. എസ്. പി. (CBCID)
EOW കോഴിക്കോട്
(ഇപ്പോൾ എയർപോർട്ട് എമിഗ്രേഷൻ.
കോഴിക്കോട്)

6) ശ്രീ. സുദർശനൻ
ഡിവൈ. എസ്. പി., മലപ്പുറം

7) ശ്രീ. പി. രാധാകൃഷ്ണൻ
ഡിവൈ.എസ്.പി., കുന്നംകുളം
(ഇപ്പോൾ എസ്.പി. VACB,
(SU.II), തിരുവനന്തപുരം.

ഇവരിൽ ചിലരെ പുതിയ തസ്തികകളിലേയ്ക്ക് മാറ്റി നിയമിച്ചിട്ടുണ്ടെങ്കിലും അവർ ഇപ്പോഴും സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിൽ തന്നെ തുടരുകയും കേസന്വേഷണം നടത്തുകയും ചെയ്യുന്നു. അന്വേഷണം പൂർത്തിയാകുന്നതുവരെ ടി ടീമിൽ തുടരുന്നതാണ്.

(മറുപുറം)

| | |
|---|---|
| (ഡി) സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | : (ഡി) അന്വേഷണം വളരെയധികം പുരോഗതി പ്രാപിച്ചുവരികയാണ്. ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാലും ഇത്തരം വെളിപ്പെടുത്തലുകൾ കേസന്വേഷണത്തെ ദോഷമായി ബാധിക്കുമെന്നതിനാൽ ഇപ്പോൾ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ഇ) നടക്കാവ് പോലീസ് ചാർജ്ജ് ചെയ്ത കേസിൽ പ്രതിചേർക്കപ്പെട്ടവർ ആരൊക്കെയായിരുന്നു ; ഇവരെ ചോദ്യം ചെയ്ത് തെളിവെടുപ്പ് നടത്തിയിട്ടുണ്ടോ ; | : (ഇ) ശ്രീ.കുഞ്ഞാലിക്കുട്ടി, റൗഫ്, മറ്റുള്ളവർ തുടങ്ങിയവരെയാണ് പ്രതിസ്ഥാനത്ത് ചേർത്തിട്ടുള്ളത്. ഇതിൽ ശ്രീ.റൗഫിനെ ചോദ്യം ചെയ്ത് തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. കേസന്വേഷണം പുരോഗമിക്കുന്നതിനനുസരിച്ച് മറ്റുള്ളവരെയും ചോദ്യം ചെയ്ത് തെളിവെടുപ്പ് നടത്തുന്നതാണ്. |
| (എഫ്) അന്വേഷണത്തിന്റെ ഭാഗമായി എത്രപേരെ ഇതിനകം ചോദ്യം ചെയ്തിട്ടുണ്ട് ? | : (എഫ്) 80-ൽപരം സാക്ഷികളെ ഇതിനകം ചോദ്യം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ